ഫുഡ്സപ്ലൈ ഡിപ്പാർട്ട്മെൻറ്.

* 814. [57] ശ്രീ. പി. എം. മക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ്സപ്ലൈ ഡിപ്പാർട്ടുമെൻറ് ഇപ്പോൾ പ്രവർത്തനത്തിലുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തനം എന്തെല്ലാമാണ്;

(ബി) റേഷൻവ്യാപാരികൾ കെട്ടിവച്ചിട്ടുള്ള ജാമ്യത്തുകയിനത്തിലും അരിവില കുറവുചെയ്ത ഇനത്തിലുമായി, വ്യാപാരിക്ക് ഗവണ്മെൻറ് റീഫണ്ട് ചെയ്യേണ്ടതായ തുക എന്തെങ്കിലും കൊടുക്കാതെ ശേഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതുകെ തുക എത്ര;

(ഡി) ടി തുക ഇതുവരെയും കൊടുക്കാതിരുന്നതു് എന്തുകൊണ്ടാണ്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഫുഡ് ഡിപ്പാർട്ടുമെൻറ് ഇപ്പോഴും പ്രവർത്തനത്തിലുണ്ട്. ഗവണ്മെൻറിൻെറ കൈവശമുള്ള ഉദ്ദേശം ഒരുലക്ഷം ടൺ അരി ഇൻഡ്യാ ഗവണ്മെൻറിനു് കൈമാറ്റം ചെയ്യുന്ന ജോലി ഇനിയും പൂർത്തിയായിട്ടില്ല. കൂടാതെ ക്ഷേമവകുപ്പു സംബന്ധമായ മൻകൊല്ലങ്ങളിലെ കണക്കുകൾ പരിശോധിച്ചു പൂർത്തിയാക്കുന്നതിനു് വേണ്ട നടപടികൾ തരപ്പെടുത്തുക, ജാമ്യത്തുകയും, മറ്റു് ഇനങ്ങളിൽ കൊടുക്കേണ്ടതുമായ സംഖ്യകൾ കൊടുത്തുതീർക്കുക, കൂപ്പുസംഭരണം മുതലായവയാകുന്നു.

(ബി) ഉണ്ടു്.

(സി) രൂപ, 1,86,358-9-8.

(ഡി) മരിച്ചുപോയ കക്ഷികളുടെ അവകാശികൾ മുൻപ്രകാരം അപേക്ഷിക്കായ്കയാലും, ബാദ്ധ്യതകൾ തീട്ടംവരുത്തേണ്ടകാരണത്താലും, സെയിൽസ്ടാക്സ് ഇനത്തിൽ സർക്കാരിലേക്കു് തുകകൾ ഈടാകാനുള്ളതിനാലും, ഫയിൻ, പീനൽവാല്യൂ ഈ ഇനത്തിൽ ഗവണ്മെൻറിലേക്ക് ഈടാകാനുള്ള തുകകൾ അടയ്ക്കാത്തതിനാലും, മറ്റുമാണ്.

വനങ്ങളിൽനിന്നു് കളവായി മുറിച്ചുമരം.

* 815 [62] ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള വനങ്ങളിൽനിന്നു് മരങ്ങൾ കളവായി മുറിച്ചുപോകുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കൊല്ലം വനത്തിൽനിന്നു് മരം കളവായി മുറിച്ചതിനു് എത്ര കേസുകൾ ചാർജ്ജു് ചെയ്തിട്ടുണ്ടു്;

(ബി) അങ്ങിനെയുള്ള കേസുകളിലെല്ലാംകൂടി ഗവണ്മെൻറിനു് എത്ര രൂപ നഷ്ടം കാണിച്ചിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly